പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

# കൊല്ലം ജില്ലയിൽ പി.എം.ജി.എസ്.പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4047 — 21.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | പി.എം.ജി.എസ്.പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽപ്പെട്ടുന്ന ഏതെല്ലാം പ്രവൃത്തികൾ റീടെൻഡർ നടപടികൾക്കായി പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽ പ്പെട്ടുന്ന പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള 4 റോഡുകൾ റീ ടെണ്ടർ നടപടികൾക്കായി പരിഗണനയിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. വെട്ടിക്കവല ബ്ലോക്കിലെ പ്രവൃത്തികൾ ടെണ്ടർ പരിഗണനയിലില്ല. |

| ബ്ലോക്ക് | ഗ്രാമപഞ്ചായത്ത് | പ്രവർത്തിയുടെ പേര് |
|---|---|---|
| കൊട്ടാരക്കര | പൂയപ്പള്ളി | നാൽക്കവല-മീയ്യണ്ണൂർ-കോളമത്ത് റോഡ് |
| കൊട്ടാരക്കര | വെളിയം | മുള്ളമ്പാറ-കുടവട്ടൂർ റോഡ് |
| കൊട്ടാരക്കര | എഴുകോൺ | ഇരുമ്പനങ്ങാട്-ഇണ്ടിൽ കോളനി റോഡ് |
| കൊട്ടാരക്കര | പൂയപ്പള്ളി | ഓട്ടുമല-ഓട്ടുമല കോളനി റോഡ് |

| | | | |
|---|---|---|---|
| (ബി) | റീടെൻഡർ നടപടികൾക്കായി പ്രസ്തുത പ്രവൃത്തികൾ എന്നുമുതൽ പരിഗണന യിൽ വന്നിരുന്നു; | (ബി) | കൊട്ടാരക്കര ബ്ലോക്കിലെ 3 പ്രവർത്തികളും കരാറുകാരൻ പ്രവർത്തി ആരംഭിക്കാതിരുന്നത് മൂലം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത് റീടെൻഡർ നടപടികൾ ആരംഭിച്ചിരുന്നതാണ്. ടി പ്രവർത്തികൾ 13/02/2015, 12/03/2015, 21/05/2015 എന്നീ തീയതികളിൽ ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. ഓട്ടുമല-ഓട്ടുമല കോളനി റോഡ് 31/07/2013 മുതൽ 6 തവണ ടെണ്ടർ ചെയ്തിട്ടുണ്ട്. കരാറുകാർ ആരും ടെണ്ടർ സമർപ്പിക്കാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് LMR 2013 നിരക്കിൽ റിവൈസ് ചെയ്ത് 18.09.2014 മുതൽ വീണ്ടും 5 |

| | |
|---|---|
| | തവണ ടെണ്ടർ ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. |
| (സി) ടെണ്ടർ നടപടികൾ പൂർത്തികരിച്ച് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ സാധ്യതയുണ്ടോ ഇല്ലാത്തപക്ഷം പ്രസ്തുത പ്രവൃത്തികളിൻമേലുള്ള നടപടികൾ ടെർമിനേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) റീ ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ടി പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാഞ്ഞ സാഹചര്യത്തിൽ എസ്റ്റിമേറ്റ് പരിശോധിച്ച് എന്തെങ്കിലും അപാകത ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ